# ST.THOMAS HSS
# KARTHIAKPPALLY

# SUN SHINE

*Little kites digital magazine*

**School code:35034**

# ആശംസ



പ്രിയ ലിറ്റിൽ കൈറ്റ്സ്,
ഈ കാലഘട്ടത്തിന്റെ പുതുയുഗ പുലരിയിൽ വിവര സാങ്കേതിക വിദ്യയുടെ മുന്നേറ്റത്തിൽ ഏറെ പ്രതീക്ഷകളോടെ വളർന്നു കൊണ്ടിരിക്കുന്ന ലിറ്റിൽ കൈറ്റ്സിൽ അംഗങ്ങളാകാൻ കഴിഞ്ഞത് ഒരു വലിയ ഭാഗ്യമാണ്. ഇതിൽ നിന്ന് കിട്ടുന്ന ഓരോ അനുഭവവും നിങ്ങൾക്ക് വലിയ മുതൽക്കൂട്ടായിരിക്കും. സെന്റ് തോമസ് ഹയർ സെക്കൻഡറി സ്കൂൾ തയ്യാറാക്കിയ Sunshine എന്ന Digital magazine നിങ്ങളുടെ തുടർപ്രവർത്തനങ്ങൾക്ക് ഊർജം നൽകട്ടെ. വരും കാലങ്ങളിൽ വിജയ സോപാനങ്ങൾ ചവിട്ടി കയറുവാൻ നിങ്ങൾക്ക് സാധിക്കട്ടെ.

ഇതിന് പിന്നിൽ പ്രവർത്തിച്ച എല്ലാ കുഞ്ഞുങ്ങൾക്കും

അഭിനന്ദനങ്ങൾ............
ആശംസകൾ..........

---HEADMISTRESS
JAYAMOL P.M

# ആശംസ



2022 -25 ബാച്ചിലെ' Little Kites' തയ്യാറാക്കുന്ന 'SUNSHINE'എന്ന ഡിജിറ്റൽ മാഗസിൻ നമ്മുടെ പ്രവർത്തനങ്ങൾക്ക് ഒരു മുതൽക്കൂട്ടാകട്ടെ എന്ന് ആശംസിക്കുന്നു. കുട്ടികളുടെ സൃഷ്ടിപരമായ കഴിവുകൾ വികസിപ്പിക്കുന്നതിന് ഇത്തരം മാഗസിനുകൾ സഹായകരമാകട്ടെ .ഈ മാഗസിനുമായി ബന്ധപ്പെട്ട് പ്രവർത്തിച്ച എല്ലാ വിദ്യാർത്ഥികൾക്കും കൂടുതൽ പ്രവർത്തനങ്ങൾ കാഴ്ചവെക്കാൻ സാധിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു എല്ലാ ആശംസകളും നേരുന്നു......

സിന്ധു ആൻഡ്രൂസ്
കൈറ്റ് മിസ്ട്രസ്

# ആശംസ



St.Thomas HSS Karthikappally സ്കൂളിലെ Little Kites കുട്ടികളുടെ സർഗ്ഗസൃഷ്ടികൾ കോർത്തിണക്കി ഒരു Digital Magazine തയ്യാറായിരിക്കുകയാണ്. കുട്ടികളുടെ വ്യത്യസ്തമായ ഈ കഴിവുകൾ ഒരു പുതിയ തലമുറയെ വാർത്തെടുക്കുവാൻ കഴിയട്ടെ.ഇതിൽ പങ്കാളികളായ എല്ലാവർക്കും ഹൃദയം നിറഞ്ഞ ആശംസകൾ അറിയിച്ചുകൊള്ളുന്നു.

ചൈതന്യ തോമസ്
കൈറ്റ് മിസ്ട്രസ്

# ആമുഖം



വിവരവിനിമയ സാങ്കേതികവിദ്യയിൽ നാം മുന്നേറിക്കൊണ്ടിരിക്കുകയാണ്. ഇതിൻ്റെ ഭാഗമായി പൊതുവിദ്യാഭ്യാസ വകുപ് വിവരമിനിമയ സാങ്കേതികവിദ്യയിൽ താല്പര്യമുള്ള കുട്ടികളെ പങ്കെടുപ്പിച്ചുകൊണ്ട് ഒരു ക്ലബ്ബ് രൂപീകരിച്ചു .അതാണ് ലിറ്റിൽ കൈറ്റ്സ് .ആനിമേഷൻ, പ്രോഗ്രാമിംഗ്, മലയാളം കമ്പ്യൂട്ടിംഗ് ,മൊബൈൽ ആപ് നിർമ്മാണം, റോബോട്ടിക്സ്, ഇലക്ട്രോണിക്സ്, തുടങ്ങിയ നിരവധി മേഖലകളിൽ കുട്ടികൾക്ക് പരിശീലനം നൽകിവരുന്നുണ്ട് .കൂടാതെ വിവിധ പ്രവർത്തനങ്ങൾ സ്വയം ഏറ്റെടുത്ത് സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന്റെ അടിസ്ഥാനത്തിൽ ഗ്രേഡ് നൽകി A ഗ്രേഡ് ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് ഗ്രേസ് മാർക്ക് സംവിധാനവും നിലവിലുണ്ട്.

മലയാളം കമ്പ്യൂട്ടിങ്ങിൽ പ്രാവീണ്യം തെളിയിക്കുന്നതിനായി കുട്ടികൾ അവരുടെ സൃഷ്ടികൾ ടൈപ്പ് ചെയ്ത് അയക്കുകയും അത് ക്രോഡീകരിച്ച് ഒരു ഡിജിറ്റൽ മാഗസിൻ ഓരോ വർഷവും തയ്യാറാക്കുകയും ചെയ്യുന്നുണ്ട് . അതിൻ്റെ ഭാഗമായാണ് സെൻറ് തോമസ് എച്ച് എസ്.എസിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ തയ്യാറാക്കിയ 'Sunshine' എന്ന ഡിജിറ്റൽ മാഗസിൻ നിർമ്മിച്ചിട്ടുള്ളത് . ഇതുമായി സഹകരിച്ച എല്ലാവർക്കും ഹൃദയംനിറഞ്ഞ നന്ദി രേഖപ്പെടുത്തുന്നു.........

ചീഫ് എഡിറ്റർ

Abel Sam Alex

# *എഡിറ്റോറിയൽ ബോർഡ്*

*Abel Sam Alex*

*Angel Mary Alex*

*Shibin A*

*Khaleel Muhammed*

*Josh Siby*

*Adwaith*

*Christano*



# ഉള്ളടക്കം


- ആശംസകൾ 1-3
- ആമുഖം-4
- എഡിറ്റോറിയൽ ബോർഡ്-5
- ചരിത്രം, ഭൗതികസൗകര്യങ്ങൾ:- 7-12
- അംഗീകാരങ്ങൾ-13
- Subdistrict Winners:- 14-16
- Sports Winners-17
- Forgive Me(story)-18
- കമ്പ്യൂട്ടർ(കവിത)-19
- Drawings:-20,24,25
- Great Things-21
- ജീവിതം( കവിത) -22
- കുട്ടനാടിന്റെ അഭിമാനമായ തകഴി (കുറിപ്പ്)-23
- Onam Celebration 2023:- 26
- Christmas Celebration:- 27
- Little Kites Camp 2023:- 28
- JRC,Scout, Teachers day:- 29
- Orientation Class:- 30
- നല്ല പാഠം-31
- Teens Club-32
- നന്ദി-33

# സെന്റ്.തോമസ്സ്.എച്ച്.എസ്സ്, കാർത്തികപള്ളി




## ചരിത്രം

1919 ജൂൺ മാസം 24നു ഈ സരസ്വതി ക്ഷേത്രം സ്ഥാപിതമായി .ഒരു യു.പി.സ്കൂൾ ആയിട്ടായിരുന്നു അന്ന് ഇതിന്റെ ഉദയം.ആദികാലത്ത് കാർത്തികപ്പള്ളി സെൻറ് തോമസ് ഓർത്തഡോക്സ് പള്ളിയുടെ അനുബന്ധമായി ഇന്നത്തെ പാരിഷ്ഹാൾ സ്ഥിതി ചെയ്യുന്ന സ്ഥലത്തു ഒരു ഓട് മേഞ്ഞ കെട്ടിടത്തിലായിരുന്നു തുടക്കം.ഇടവക വികാരിയുടെ നേതൃത്വത്തിലുള്ള ഏഴംഗകമ്മിറ്റിയായിരുന്നു ഭരണ കാര്യങ്ങൾ നിർവഹിച്ചിരുന്നത് . 1949ൽ ഇത് ഒരു ഹൈസ്കൂൾ ആയി ഉയർത്തപ്പെടുകയും ഇപ്പോൾ സ്കൂൾ ഇരിക്കുന്ന സ്ഥാനത്തേക്ക് മാറ്റപ്പെടുകയും ചെയ്തു.1956 ൽ റവ.ഫാദർ.W .C .വർഗീസിന്റെകാലത്ത് ഈ വിദ്യാലയം കാതോലിക്കേറ്റ് ആൻഡ് എം.ഡി സ്കൂൾസ് കോർപ്പറേറ്റ് മാനേജ്മെന്റിൽ ലയിച്ചു .2014ൽ ഇതൊരുഹയർസെക്കണ്ടറി സ്കൂളായി ഉയർത്തി.ഭാരതത്തിന്റെ അപ്പോസ്തോലനായ വി. തോമാശ്ലീഹയുടെ നാമത്തിൽ സ്ഥാപിതമായതാണ് ഈ വിദ്യാലയം. ഇപ്പോൾ ഈ സ്കൂളിന്റെ മാനേജർതിരുവനന്തപുരം ഭദ്രാസനാധിപൻ അഭിവന്ദ്യ ഡോ.ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് തിരുമനസ്സുകൊണ്ടാണ്.ഇപ്പോൾഈ സ്കൂളിന്റെ പ്രധാനാധ്യാപിക ശ്രീമതി.ജയമോൾ പി.എം.ആണ്.

# ഭൗതികസൗകര്യങ്ങൾ

4 ഏക്കർ ഭൂമിയിലാണ് വിദ്യാലയം സ്ഥിതി ചെയ്യുന്നത്. ഹൈസ്കൂളിന് 5 കെട്ടിടങ്ങളിലായി 23 ക്ലാസ് മുറികളും യു. പി. യ്ക്ക് 2 കെട്ടിടങ്ങളിലായി 13 ക്ലാസ് മുറികളും, അതിവിശാലമായ ഒരു കളിസ്ഥലവും വിദ്യാലയത്തിനുണ്ട്. ഒരു കായികാധ്യാപികയുടെ ശിക്ഷണത്തിൽ കുട്ടികൾ ഈ സൗകര്യം പ്രയോജനപ്പെടുത്തുന്നു.

രണ്ട് കമ്പ്യൂട്ടർ ലാബുകൾ ഉണ്ട് . ഇതുകൂടാതെ സ്മാർട്ട് ക്ലാസ്സ് മുറികളുടെ സൗകര്യവുമുണ്ട്. ഹൈടെക് പദ്ധതി പ്രകാരം ലഭിച്ച ലാപ്ടോപ്പുകൾ കുട്ടികൾ പഠനാവശ്യത്തിനും ലിറ്റിൽ കൈറ്റ്സ് പ്രവർത്തനങ്ങൾക്കും ഉപയോഗിക്കുന്നു. ലാബിൽ ബ്രോഡ്ബാന്റ് ഇന്റർനെറ്റ് സൗകര്യം ലഭ്യമാണ്.

5 സ്ക്കൂൾ ബസ്സുകൾ പല ഭാഗങ്ങളിലേക്ക് സർവ്വീസ് നടത്തി കുട്ടികളെ സ്ക്കൂളിലെത്തിക്കുന്നു. ഷെഡ് ഒഴികെ എല്ലാ ക്ലാസ്സുകളും വയറിംഗ് പൂർത്തീകരിച്ച് ഫാനുകളും ലൈറ്റുകളും ക്രമീകരിച്ചിട്ടുണ്ട്. അതുപോലെ ഹൈടെക്കിന്റെ ഭാഗമായി ഈ ക്ലാസ്സുകളിലെല്ലാം പ്രൊജക്ടറുകളും സ്ക്രീനുകളും ലഭ്യമാണ്.

ആവശ്യത്തിന് ടോയ് ലറ്റ് സൗകര്യങ്ങൾ ഉണ്ട്. കുട്ടികൾക്ക് കുടിവെള്ള സൗകര്യത്തിനായി RO Plant ഉണ്ട്. കൈകഴുകുവാൻ ആവശ്യത്തിന് ടാപ്പുകൾ ഉണ്ട്.

സ്കൂളിന്റെ മുറ്റം ഇന്റർലോക്ക് ചെയ്യ്ത് മനോഹരമാക്കിയിട്ടുണ്ട് മനോഹരമായ പൂച്ചെടികളാൽ ഭംഗി വരുത്തിയ സ്കൂൾ പരിസരം ആരേയും ആകർഷിക്കുന്നതാണ്.





# പാഠ്യേതര പ്രവർത്തനങ്ങൾ

SCOUTS
LITTLE KITES
JRC
NALLA PADAM
TEEN'S CLUS
CHARITY CLUB
VIDHYA RANGAM

വിവിധ ക്ലബ്ബുകളുടെ നേതൃത്വത്തിൽ എല്ലാ ദിനാചരണങ്ങളും ഭംഗിയായി കൊണ്ടാടുന്നുണ്ട്. സ്കൂട്ട്, ജെ ആർ സി , ലിറ്റിൽ കൈറ്റ് സ് തുടങ്ങിയ ക്ലബ്ബുകൾ നിശ്ചിത എണ്ണം കുട്ടികളുമായി പ്രവർത്തിക്കുന്നു. പ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിൽ SSLC പരീക്ഷയ്ക്ക് അർഹരായ കുട്ടികൾക്ക് ഗ്രേസ് മാർക്കും ലഭ്യമാകുന്നുണ്ട്. കർമ്മോത്സുകരായ ഒരു കൂട്ടം അധ്യാപകർ ഇതിനു പിന്നിൽ പ്രവർത്തിക്കുന്നു. പാഠ്യപാഠ്യേതരപ്രവർത്തനങ്ങൾ വളരെ ഭംഗിയായി നടന്നു വരുന്നു. ഇതു കൂടാതെ വളരെ അഭിനന്ദനാർഹമായി ഒരു Charity club പ്രവർത്തിക്കുന്നുണ്ട്. വളരെയേറെ നല്ല കാര്യങ്ങൾ ഇവിടെ ചെയ്യുന്നുണ്ട്.

# മാനേജ്മെന്റ്

എം. ഡി. സ്കൂൾ കോർപ്പറേറ്റ് മാനേജ്മെൻറാണ് വിദ്യാലയത്തിന്റെ ഭരണം നടത്തുന്നത്. നിലവിൽ 46 വിദ്യാലയങ്ങൾ ഈ മാനേജ്മെന്റിന്റെ കീഴിൽ പ്രവർത്തിക്കുന്നുണ്ട്.തിരുവനന്തപുരം ഭദ്രാസനാധിപൻ അഭിവന്ദ്യ ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് കോർപ്പറേറ്റ് മാനേജറായും പ്രവർത്തിക്കുന്നു.

## പ്രശസ്തരായ പൂർവ്വവിദ്യാർത്ഥികൾ

അശോകൻ (നടൻ)

ഡോ. ഉമ്മൻ. പി. വർഗീസ്

സോമൻ ബേബി

അലക്സ് ബേബി

ഡോ. അസ്ഹർ. പി. കെ

ഡോ. മധു മുരളി ( അർ സി സി, തിരുവനന്തപുരം)

അഡ്വ. സഭാ ഉസ്മാൻ

## സ്ക്കൂൾ ഉച്ചഭക്ഷണ പദ്ധതി

സ്ക്കുൾ ഉച്ചഭക്ഷണ പദ്ധതി ഏറ്റവും പ്രശംസനീയമായ രീതിയിൽ ഇവിടെ നടക്കുന്നുണ്ട്. 5 മുതൽ 8 വരെ ക്ലാസ്സിൽ പഠിക്കുന്ന അറുന്നൂറോളം കുട്ടികൾ ഇതിന്റെ ഗുണഭോക്താക്കളാണ്.. പാൽ , മുട്ട വിതരണവും നടക്കുന്നുണ്ട്. ഭക്ഷണംപാകം ചെയ്യുന്നതിന് രണ്ട് സഹായികളുണ്ട്. പ്രത്യേക അവസരങ്ങളിൽ സ്പെഷ്യൽ അരി വിതരണവും നടക്കുന്നുണ്ട്. നല്ലൊരു പാചകപ്പുര സ്റ്റോർ മുറി ഉൾപ്പെടെ വിദ്യാഭ്യാസ വകുപ്പിൽ നിന്നും ലഭിച്ചു.

## ലിറ്റിൽ കൈറ്റ്സ്

**ശ്രീമതി സിന്ധു ആൻഡ്രൂസ്,ശ്രീമതി ചൈതന്യ തോമസ് എന്നീ അധ്യാപകരുടെ ശക്തമായ പിന്തുണയിൽ കുട്ടികൾ ആധുനിക സാങ്കേതിക വിദ്യ അഭ്യസിച്ച് പ്രവർത്തനങ്ങൾ ചെയ്യുന്നു. ഹൈടെക് ഉപകരണങ്ങൾ കൈകാര്യം ചെയ്യാൻ ഈ കുട്ടികളുടെ സഹായം തേടാറുണ്ട്.ലിറ്റിൽ കൈറ്റ്സ് കുട്ടികൾക്ക് എസ് എസ് എൽ സി പരീക്ഷയിൽ ഗ്രേസ് മാർക്കും ലഭ്യമാകുന്നുണ്ട്. ഇവരുടെ പ്രവർത്തനങ്ങളുടെ മികവ് അനുസരിച്ചാണ് മാർക്ക് നൽകപ്പെടുന്നത്.**

## സ്കൗട്ട് യൂണിറ്റ്

സ്കൗട്ടിൻ്റെ യൂണിറ്റ് പ്രവർത്തനം നല്ല രീതിയിൽ നടക്കുന്നു 2021–2022 വർഷം 5 കുട്ടികൾ രാജ്യപുരസ്കാർ പരീക്ഷ എഴുതുക ഉണ്ടായി . കുട്ടികളെക്കൊണ്ട് മാസ്ക് നിർമ്മിച്ച് പാവപ്പെട്ടവർക്ക് കൊടുത്തു. വീടുകളിൽ ഒരു പൂന്തോട്ടം എന്ന പദ്ധതി എല്ലാ കുട്ടികളുടെ വീട്ടിലും തയ്യാറാക്കി. സ്കൂളിൽ മനോഹരമായ ഒരു ഗാർഡനും തയ്യാറാക്കി വീടുകളിൽ ഒരു പച്ചക്കറി തോട്ടം ക്രമീകരിക്കുകയുണ്ടായി

## പഠനോപകരണ വിതരണം

കോവിഡ് – 19 ന്റെ സാഹചര്യത്തിൽ കേരളത്തിൽ പഠനം ഓൺലൈൻ ആയപ്പോൾ പഠനോപകരണങ്ങൾ ലഭ്യമല്ലാതിരുന്ന 50 ഓളം കുട്ടികൾക്ക് പഠനോപകരണങ്ങൾ ലഭ്യമാക്കി. അതിന് നല്ല വരായ നാട്ടുകാരും പൂർവ്വ വിദ്യാർത്ഥികളും ചില സന്നദ്ധ സംഘടനകളും മുൻകയ്യെടുത്തു.



ഒരു കുഞ്ഞും പഠനോപകരണത്തിന്റെ കുറവു കൊണ്ട് പഠിക്കാതിരിക്കരുത്-പഠനോപകരണ വിതരണം

## അപ്പർ പ്രൈമറി

5 മുതൽ 7 വരെ ക്ലാസ്സുകളാലായി 11 ഡിവിഷനുകളുണ്ട്. 13 അധ്യാപകരാണ് ഈ കുട്ടികളെ നയിക്കുന്നത്. ഇംഗ്ലീഷ് ഭാഷാ പരിജ്ഞാനം വർദ്ധിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ ബി ആർ സി തലത്തിൽ നിന്നും ലഭിക്കുന്ന നിർദ്ദേശങ്ങളനുസരിച്ച് ഇവിടെ ചെയ്യുന്നുണ്ട്. കോവിഡ് കാലത്തും ഓൺലൈനായി ധാരാളം പ്രവർത്തനങ്ങൾ നടന്നു.



SCHOOL GROUND



## ഹൈസ്ക്കൂൾ

8 മുതൽ 10 വരെ ക്ലാസ്സുകളിലായി 19 ഡി വിഷനുകളുണ്ട്. 31 അധ്യാപകരാണ് ഇവരെ പരിശീലിപ്പിക്കുന്നത്. ഒരു കായികാധ്യാപികയും ഒരു ചിത്രകലാ അധ്യാപകനുമുണ്ട്. ക്രാഫ്റ്റ് ടീച്ചറിന്റെ സേവനവുമുണ്ട്. മലയാള ഭാഷ കൂടാതെഅറബി ,സംസ്കൃതം എന്നീ ഭാഷകളും ഇവിടെ കുട്ടികൾ അഭ്യസിക്കുന്നുണ്ട്

# അംഗീകാരങ്ങൾ

പാഠ്യപ്രവർത്തനങ്ങളിൽ എന്നും മുൻപന്തിയിലാണ് ഈ വിദ്യാലയം. ആലപ്പുഴ ജില്ലയിൽ പത്താം ക്ലാസ്സിലെ റിസൾട്ടിൽ മുൻ നിരയിൽ ഞങ്ങളുമുണ്ട്. അതുപോലെ യു എസ് എസ് പരീക്ഷ, മറ്റു മത്സരപരീക്ഷകൾ ഇവയിലൊക്കെ ഇവിടത്തെ കുഞ്ഞുങ്ങൾ നേട്ടം കൈവരിക്കുന്നുണ്ട്.

പിന്നെ പാഠ്യേതര പ്രവർത്തനങ്ങളുടെ കാര്യം പറയുകയേ വേണ്ട. എന്നും സെന്റ് തോമസ് മുന്നിൽത്തന്നെ . സംസ്ഥാനതലം വരെ കഴിവ് തെളിച്ചവരാണ് ഇവിടത്തെ കുഞ്ഞുങ്ങൾ. പ്രത്യേകിച്ച് ഒപ്പന,കോൽക്കളി, ദഫ് മുട്ട്, അറബനമുട്ട്, പരിചമുട്ട് .പൂരക്കളി, മാർഗ്ഗം കളി, തിരുവാതിര ഇവയിലൊക്കെ മികവു തെളിയിച്ച് ആദരവ് പിടിച്ചു വാങ്ങിയ കുഞ്ഞുങ്ങളുണ്ട്.







# HARIPAD SUB-DISTRICT KALOLSAVAM

# WINNERS



*OPPANA*
*1ST A-GRADE*



***DAFMUTT***
***1ST A-GRADE***



PARICHAYA MUTTU

1ST A-GRADE





**PATRIOTIC SONG**
**2ND A-GRADE**




*ENGLISH SKIT*
*1ST A-GRADE*

# SPORTS
## WINNERS



*VOLLEYBALL DISTRICT*
*1ST PLACE*



*KABBADDI DISTRICT*
*1ST PLACE*

# FORGIVE ME

It was evening and the sky was dark the street lamps were burning there were huge buildings around me decorated with attractive colourful lamps they looked beautiful IT field my mind with the pleasure.

But my heart was heavy someone was calling me I couldn't see anyone but I know they where my dear dead friends the beautiful buildings that I was surrounded by where built on land where nature had to die to make way for them it was as if they were built on a cemetery nature was my friend and I miss my friend all the time but once I entered the world of today I forgot the wrongs that were done to nature.

I couldn't hear their cry nor I try to hear it . but now I regret that oh my friends please forgive me this world of Darkness took me
away from you

---Baith HIllel
10D

# കമ്പ്യൂട്ടർ

കവിത

അയ്യയ്യോ ഇതു പുതുയുഗമല്ലോ
കമ്പ്യൂട്ടറുകൾ വാഴും കാലം
വീടുകൾക്കെല്ലാം ചന്തം ചാർത്താൻ
പലവിധ രീതിയിൽ എത്തിച്ചേർന്നു.
ഇന്റർനെറ്റും ഈമെയിലുകളും
ഗമയോടങ്ങനെ വിലസുംകാലം
പലപലതരത്തിൽ
പല പല നിറത്തിൽ
ഏതുതരത്തിലും കടകളിൽ ലഭിക്കും
ചാറ്റൽമഴയിൽ കുട്ടികളെല്ലാം
ചങ്ങാതികളെ കണ്ടുപിടിച്ചു
അഭിനവ സംസ്കാരത്തിൻ വാതിൽ
കമ്പ്യൂട്ടറുകൾ തുറക്കുന്നത്.



--S.Deva Narayan Pillai
10D

# DRAWINGS






# GREAT THOUGHTS

1. Study as if you were to live forever.Live as if you were to die tomorrow.

--MAHATMA GANDHI

2. Say little and hear all you can.

--COWPER

3. It is better to change our opinion than to persist in a wrong one.

*--Socrates.*

4. To educate a man in mind and not in morals is to educate a menace to society.

--THEODORE ROOSEVELT.

5. In character,in manners,in style,in all things,the supreme excellence is simplicity.

--Longfellow

6.Great work comes from loving what you do.

--Steve Jobs

7.Success can be misleading; it can lure intelligent individuals into a false sense of invincibility.

--Bill Gates

# ജീവിതം



എത്ര ലോകങ്ങൾ വെട്ടിപ്പിടിച്ചാലും
എത്രകാലം അഹങ്കരിച്ചാലും
ആറടി മണ്ണിൻ അവകാശികളാം നമ്മൾ
എന്തു കണ്ടു മതിമറക്കുന്നു
സൂര്യനും ചന്ദ്രനും മാറിപ്പോകുന്നു
കാലമോ നീങ്ങി പോകുന്നു
എത്ര സൗന്ദര്യമുള്ളതാകിലും
അത് വെറുമൊരു അലങ്കാരം മാത്രം
ദൈവം തന്ന ജീവിതം ഫലവത്തായി
സൂക്ഷിച്ചില്ലെങ്കിൽ
അയ്യോ! നാശം വരും നിശ്ചയം

---KHALIL MUHAMMAD
9B

# *കുട്ടനാടിൻ്റെ അഭിമാനമായ തകഴി*



കിഴക്കൻ കാറ്റിന്നും കുട്ടനാടൻ വയലേലകളെ തഴുകി കടന്നുപോകുന്നു. തകഴിയുടെ ഓർമ്മകൾ പേറിയോ അല്ലാതെയോ ചെമ്മീനും കയറും മലയാളിയുടെ മനോമുരുകത്തിൽ മായാത്ത പ്രതിച്ഛായ നിലനിർത്തുന്നു. ഒപ്പം തകഴിയന്ന നാമധേയത്തില റിയപ്പെട്ട തകഴി ശിവശങ്കരപ്പിള്ളയും

കൈരളിക്കു ലഭിച്ച വരദാനമായിരുന്നു തകഴി . കുട്ടനാടൻ കർഷകരുടെ ജീവിതമായിരുന്നു തകഴിയുടെ കൃതികൾക്കെല്ലാം ആധാരം. മലയാള ചെറുകഥയുടെ നവോത്ഥാന നായകനായനായിരുന്നു അദ്ദേഹം . തകഴിയുടെ പ്രത്യേകത യഥാർത്ഥമായ ആവിഷ്കരണ ശൈലിയായിരുന്നു . വളരെ ലളിതമായ ജീവിത ശൈലിയായിരുന്നു അദ്ദേഹം കാഴ്ച വച്ചിരുന്നത് . മനുഷ്യമനസ്സിന്റെ എല്ലാ ഭാവങ്ങളെയും അത് അതിൻറെ മൂർത്തീ രൂപത്തിൽ ആവിഷ്ക്കരിക്കാൻ ആ മഹാനുഭാവന് സാധിച്ചു.

തകഴിയുടെ കൃതികളെല്ലാം തന്നെ മലയാളഭാഷയ്ക്ക് ഒരു മുതൽക്കൂട്ടായി വീരാജിക്കുന്നു .പടിഞ്ഞാറേ ചക്രവാളത്തിൽ ഒരിക്കൽ കൂടി സായാഹ്നസൂര്യൻ തന്റെ മഞ്ജിമ കിരണങ്ങൾ നൽകി വിട പറയുമ്പോൾ ഓർമ്മയുടെ ഭാവി ചക്രവാളത്തിൽ മറ്റൊരു സൂര്യനായി തകഴി ഉദിക്കുന്നു.

***---ANGEL MARY ALEX***
***10C***

# DRAWINGS






Gadha. G. Vin
IX B

# ONAM CELEBRATION 2023






# CHRISTMAS CELEBRATION





# Little kites camp 2023





# JRC & SCOUT



# TEACHER'S DAY 2023



# ORIENTATION CLASS FOR PARENTS





# നല്ല പാഠം






# TEEN'S CLUB





# നന്ദി

ഈ മാഗസിൻെറ സൃഷ്ടിക്ക് വേണ്ടി അരങ്ങിലും അണിയറയിലും പ്രവർത്തിച്ച ഏവർക്കും ഹൃദയപൂർവ്വം നന്ദി അർപ്പിച്ചുകൊണ്ട് നിറഞ്ഞ സന്തോഷത്തോടെ സഹൃദസമക്ഷം വിനയപൂർവ്വം സമർപ്പിക്കുന്നു.

സ്നേഹപൂർവ്വം

**Abel Sam Alex**
**എഡിറ്റർ.**